**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **09-06-2021 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണ്ഡല പൂജ-മകര വിളക്ക് സീസണിൽ ശബരിമലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മണ്ഡലപൂജ-മകരവിളക്ക് സീസണിൽ ശബരി മലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി 335 ലക്ഷം രൂപ വകയിരുത്തി പമ്പ KSRTC ബസ് സ്റ്റാൻഡിൽ 10 LL ന്റെ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉറപ്പിച്ചു. ഉന്നതതല ജലസംഭരണി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന KSTRC-യുടെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് KSRTC അനുമതി നൽകിയെങ്കിലും വനപരിപാലന നിയമപ്രകാരം വനം വകുപ്പ് തടസ്സമുന്നയിച്ചതിനാൽ നിർമ്മാണ പ്രവൃത്തികൾ നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ് . പരിസ്ഥിതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമല കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിന് വേണ്ടി 49 കോടി രൂപയുടെ DER കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. 2018 ലെ പ്രളയത്തെ തുടർന്ന് നിലയ്ക്കൽ ശബരിമല തീർത്ഥാടകരുടെ ബേസ് ക്യാമ്പായി മാറ്റിയതിനാൽ നിലയ്ക്കലിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സീതത്തോട് നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 120 കോടി രൂപയുടെ ഭരണാനുമതി 2019-ൽ നൽകിയിട്ടുണ്ട് . ഇതിന്റെ പാക്കേജ് - ഒന്നിന്റെ ഭാഗമായി 22.175 Km 508 mm MS പമ്പിങ് മെയിൻ ആങ്ങമൂഴി-പ്ലാപ്പള്ളി റൂട്ടിൽ ആങ്ങമൂഴി, തൈയ്ക്കമൺ, പ്ലാപ്പള്ളി എന്നിവിടങ്ങളിലായി 6 LL വീതം ശേഷിയുള്ള ഭൂതല ജലസംഭരണിയിൽ (ബൂസ്റ്റിംഗ് സ്റ്റേഷനുകൾ) പ്ലാപ്പള്ളിയിൽ 3.5 LL ഉന്നതതല സംഭരണി, നിലയ്ക്കലിൽ 20 LL വീതം ശേഷിയുള്ള മൂന്ന് ഉന്നതതല സംഭരണികൾ, പമ്പ് സെറ്റുകൾ, |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പാക്കേജ് 2 & 3 യഥാക്രമം സീതത്തോട് പഞ്ചായത്തിലെ സംഭരണികളും പമ്പിങ് മെയിനും സീതത്തോട് പെരുനാട് പഞ്ചായത്തിലെ വിതരണ ശൃംഖലയുടെയും എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | പമ്പയിലെ OH tank ന് വേണ്ടി 335 ലക്ഷം രൂപയും സീതത്തോട് നിലയ്ക്കൽ പദ്ധതിയ്ക്കായി 12000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12,335 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ